13463
17/12/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എടവനക്കാട് ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനം സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം.737/2014/സാനീവ തിരുവനന്തപുരം, തീയതി. 11.12.2014.

=====================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 16.09.2014 ലെ ജി4/29808/14 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ സുനാമി ബാധിത പ്രദേശങ്ങൾക്ക് പ്രത്യേക ധനസഹായമായി ലഭിച്ച എം.പി ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കിയ വൃദ്ധസദനം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനും ഡിമെൻഷ്യാ രോഗികൾക്ക് പ്രവേശനം നൽകുന്നതിന് മുൻഗണന നൽകി സ്ഥാപനം പഞ്ചായത്തിൽ നിന്ന് ബാധ്യതാ രഹിതമായി ഏറ്റെടുക്കുന്നതിനുമായി 2,42,500/- രൂപ 2235-60-200-83(പി) ശീർഷകത്തിൽ നിന്ന് അനുവദിക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ കത്തിലെ ശുപാർശയും വൃദ്ധസദനം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് നൽകിയ അനുമതിയും പരിഗണിച്ച് എടവനക്കാട് ഗ്രാമപഞ്ചായത്ത് വക വൃദ്ധസദനം ബാധ്യതാ രഹിതമായി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയും ആയതിലേയ്ക്ക് 2,42,500/-രൂപ (രണ്ടു ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) 2235-60-200-83(പി) ശീർഷകത്തിൽ നിന്ന് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ലീലാമണി കെ.എം.**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം , വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ വകുപ്പ്
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ